പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 61

# 2007-ലെ കേരള പാരാ മെഡിക്കൽ കൗൺസിൽ ബിൽ

സംസ്ഥാനത്ത് പാരാ മെഡിക്കൽ ടെക്നീഷ്യൻമാർക്ക് രജിസ്ട്രേഷൻ നല്കുന്നതിനും അങ്ങനെയുള്ള ടെക്നീഷ്യൻമാർക്ക് പരിശീലനം നല്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിനുംവേണ്ടി ഒരു പാരാ മെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിനും അവരുടെ യോഗ്യതകൾ ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് പാരാ മെഡിക്കൽ ടെക്നീഷ്യൻമാർക്ക് രജിസ്ട്രേഷൻ നല്കുന്നതിനും അങ്ങനെയുള്ള ടെക്നീഷ്യൻമാർക്ക് പരിശീലനം നല്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിനും വേണ്ടി ഒരു പാരാ മെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിനും അവരുടെ യോഗ്യതകൾ മുതലായവ ക്രമീകരിക്കുന്നതിനും നിയമനിർമ്മാണം വഴി വ്യവസ്ഥ ചെയ്യുന്നതിന് കേരള സർക്കാർ നിയമിച്ച നിയമപരിഷ്ക്കരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതിനാലും ;

സംസ്ഥാനത്ത് പാരാ മെഡിക്കൽ ടെക്നീഷ്യൻമാർക്ക് പരിശീലനം നല്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിനും അവരുടെ യോഗ്യതകൾ ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി ഒരു പാരാ മെഡിക്കൽ കൗൺസിൽ രൂപീകരിക്കേണ്ടത് യുക്തമായിരിക്കുന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തി എട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

## അദ്ധ്യായം I

## പ്രാരംഭം

1\. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള പാരാ മെഡിക്കൽ കൗൺസിൽ ആക്റ്റ് എന്ന് പേര് പറയാം.

KNPP. 116/2007.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത്, ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കാർഡിയോ വാസ്ക്കുലർ ടെക്നീഷ്യൻ" എന്നാൽ അതത് സംഗതി പോലെ, ഒരു അംഗീകൃത സ്ഥാപനം നടത്തുന്ന ഇ. സി. ജി. ടെക്നീഷ്യൻ ടെസ്റ്റ് അഥവാ ഇ. ഇ. ജി. ടെക്നീഷ്യൻ ടെസ്റ്റ് അല്ലെങ്കിൽ ഇ. എം. ജി. ടെക്നീഷ്യൻ ടെസ്റ്റ് പാസ്സായിട്ടുള്ളതോ അല്ലെങ്കിൽ തത്തുല്യ യോഗ്യതയായി അംഗീകരി ച്ചിട്ടുള്ളതോ ആയ യോഗ്യതയുള്ള ഒരാൾ എന്നർത്ഥമാകുന്നു ;

(ബി) "കൗൺസിൽ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള പാരാ മെഡിക്കൽ കൗൺസിൽ എന്നർത്ഥമാകുന്നു ;

(സി) "തത്തുല്യ യോഗ്യത" എന്നാൽ സംസ്ഥാനത്ത് തത്സമയം പ്രാബല്യ ത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം തത്തുല്യ യോഗ്യതയായി അംഗീകരിച്ചിട്ടുള്ളതോ അപ്രകാരമുള്ള യോഗ്യതയായി സർക്കാർ പ്രഖ്യാപിക്കുകയും വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും യോഗ്യത എന്നർത്ഥമാകുന്നു ;

(ഡി) "കാര്യനിർവ്വാഹക സമിതി" എന്നാൽ കൗൺസിലിന്റെ കാര്യ നിർവ്വാഹക സമിതി എന്നർത്ഥമാകുന്നു ;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എഫ്) "ആശുപത്രി" എന്നാൽ രോഗികളെ ചികിത്സിക്കുന്നതിനായി ഉപയോഗിക്കുന്നതും, യോഗ്യതയുള്ള വ്യക്തികളോട് കൂടിയതും അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതുമായ ഏതെങ്കിലും സ്ഥാപനമോ പരിസരമോ എന്നർത്ഥമാകുന്നു ;

(ജി) "മെഡിക്കൽ കൗൺസിൽ" എന്നാൽ 1953-ലെ തിരുവിതാംകൂർ- കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിൻ കീഴിൽ രൂപീകരിക്കപ്പെട്ട കൗൺസിൽ ഓഫ് മോഡേൺ മെഡിസിൻ എന്നർത്ഥമാകുന്നു ;

(എച്ച്) "മെഡിക്കൽ ലാബറട്ടറി" എന്നാൽ ഏതെങ്കിലും രോഗ നിർണ്ണയമോ രോഗചികിത്സയോ സംബന്ധമായി,—

(i) രോഗാണുശാസ്ത്രപരമായോ (മൈക്രോ ബയോളജിക്കൽ) രോഗനിദാനശാസ്ത്രപരമായോ (പാത്തോളജിക്കൽ) ജീവരസതന്ത്രപരമായോ (ബയോകെമിക്കൽ) നടത്തുന്ന നിരീക്ഷണങ്ങളോ പരിശോധനകളോ വിശകലനങ്ങളോ ;

(ii) കൾച്ചറുകൾ, വാക്സിനുകൾ, സീറങ്ങൾ അല്ലെങ്കിൽ ജീവശാസ്ത്രപരമായ മറ്റുല്പന്നങ്ങൾ എന്നിവയുടെ തയ്യാറാക്കലോ സാധാരണയായി നടത്തുന്ന ഒരു സ്ഥാപനം എന്നർത്ഥമാകുന്നു ;

(ഐ) "മെഡിക്കൽ ലാബറട്ടറി ടെക്നീഷ്യൻ" എന്നാൽ ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും മെഡിക്കൽ ലാബറട്ടറി ശാസ്തത്രത്തിൽ ഒരു ഡിഗ്രിയോ ഡിപ്ലോമയോ നേടിയതോ അല്ലെങ്കിൽ തത്തുല്യ യോഗ്യതയായി അംഗീകരിക്കപ്പെട്ട യോഗ്യത ഉള്ളതോ ആയ ഒരു ആൾ എന്നർത്ഥമാകുന്നു;

(ജെ) "ഓഫ്താൽമിക് അസിസ്റ്റന്റ്" എന്നാൽ ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും നേത്രചികിത്സാ ശാസ്ത്രത്തിൽ കാഴ്ചപരിശോധന അല്ലെങ്കിൽ നേത്ര സംബന്ധമായ ചെറിയ അസുഖങ്ങളുടെ രോഗനിർണ്ണയം, ചികിത്സ തുടങ്ങിയവയിൽ ഡിപ്ലോമ നേടിയതോ അഥവാ തത്തുല്യ യോഗ്യതയായി അംഗീകരിക്കപ്പെട്ട യോഗ്യത ഉള്ളതോ ആയ ഒരാൾ എന്നർത്ഥമാകുന്നു ;

(കെ) "പാരാ മെഡിക്കൽ കോഴ്സ്" എന്നാൽ ഒരു പാരാ മെഡിക്കൽ ടെക്നീഷ്യനായി തൊഴിൽ ചെയ്യുന്നതിനുള്ള ഏതെങ്കിലും ഡിഗ്രിയോ ഡിപ്ലോമയോ സർട്ടിഫിക്കറ്റോ നല്കുന്നതിനു വേണ്ടിയുള്ള പാഠ്യപദ്ധതി എന്നർത്ഥമാകുന്നു;

(എൽ) "പാരാ മെഡിക്കൽ ടെക്നീഷ്യൻ" എന്നാൽ ഒരു ഇ. സി. ജി. ടെക്നീഷ്യൻ, ഇ. ഇ. ജി. ടെക്നീഷ്യൻ, ഇ. എം. ജി. ടെക്നീഷ്യൻ, എക്സ്-റേ ടെക്നീഷ്യൻ, മെഡിക്കൽ ലാബറട്ടറി ടെക്നീഷ്യൻ അല്ലെങ്കിൽ ഓഫ്താൽമിക് അസിസ്റ്റന്റ് ഉൾപ്പെടെയുള്ള കാർഡിയോ വാസ്കുലർ ടെക്നീഷ്യനും സർക്കാർ, കാലാകാലങ്ങളിൽ, പാരാ മെഡിക്കൽ ടെക്നീഷ്യൻമാരായി വിനിർദ്ദേശി ച്ചേക്കാവുന്നതും വിജ്ഞാപനം ചെയ്തേക്കാവുന്നതുമായ അങ്ങിനെയുള്ള മറ്റു ടെക്നീഷ്യൻമാർ ഉൾപ്പെടുന്നതും എന്ന് അർത്ഥമാകുന്നു ;

(എം) "പ്രസിഡന്റ്" എന്നാൽ കൗൺസിലിന്റെ പ്രസിഡന്റ് എന്നർത്ഥമാകുന്നു ;

(എൻ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഒ) "അംഗീകൃത സ്ഥാപനം" എന്നാൽ ഈ ആക്റ്റിൻ കീഴിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

(പി) "അംഗീകൃത യോഗ്യത" എന്നാൽ,—

(i) മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യനെ സംബന്ധിച്ചിടത്തോളം, ലബോറട്ടറി ടെക്നോളജിയിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നല്കിയിട്ടുള്ള ബാച്ചിലർ ബിരുദം, മാസ്റ്റേഴ്സ് ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യതയും ;

(ii) ഓഫ്താൽമിക് അസിസ്റ്റന്റിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും അംഗികൃത സ്ഥാപനം നേത്രരോഗ ശാസ്ത്രത്തിൽ നല്കിയിട്ടുള്ള ഒരു ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യതയും ;

(iii) കാർഡിയോ വാസ്ക്കുലർ ടെക്നീഷ്യനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരംഗീകൃത സ്ഥാപനം നടത്തുന്ന ഇ. സി. ജി. ടെക്നീഷ്യൻ അല്ലെങ്കിൽ, ഇ. ഇ. ജി. ടെക്നീഷ്യൻ അല്ലെങ്കിൽ, ഇ. എം. ജി. ടെക്നീഷ്യൻ പരീക്ഷയിലെ വിജയം അല്ലെങ്കിൽ തത്തുല്യ യോഗ്യതയും ;

(iv) എക്സ്-റേ ടെക്നീഷ്യനെ സംബന്ധിച്ചിടത്തോളം ഒരു അംഗീകൃത സ്ഥാപനം നടത്തുന്ന എക്സ്-റേ ടെക്നീഷ്യൻമാർക്കുള്ള കോഴ്സിലെ വിജയം അല്ലെങ്കിൽ തത്തുല്യ യോഗ്യതയും ;

(v) മറ്റ് ഏതെങ്കിലും പാരാ മെഡിക്കൽ ടെക്നീഷ്യനെ സംബന്ധിച്ചിടത്തോളം ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും നേടിയ ബന്ധപ്പെട്ട ടെക്നീഷ്യൻ കോഴ്സ് അല്ലെങ്കിൽ തത്തുല്യ യോഗ്യതയും എന്നർത്ഥമാകുന്നു ;

(ക്യു) "രജിസ്റ്റർ" എന്നാൽ,—

(i) മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻമാരെ സംബന്ധിച്ച്, ഈ ആക്റ്റ് പ്രകാരം വച്ചുപോരുന്ന, മെഡിക്കൽ ലാബറട്ടറി ടെക്നീഷ്യൻമാരുടെ രജിസ്റ്റർ എന്നും ;

(ii) ഓഫ്താൽമിക് അസിസ്റ്റന്റ്മാരെ സംബന്ധിച്ച്, ഈ ആക്റ്റ് പ്രകാരം വച്ചുപോരുന്ന ഓഫ്താൽമിക് അസിസ്റ്റന്റുമാരുടെ രജിസ്റ്റർ എന്നും ;

(iii) ഇ. സി. ജി. ടെക്നീഷ്യൻമാരെയും ഇ. ഇ. ജി. ടെക്നീഷ്യൻമാരെയും ഇ. എം. ജി. ടെക്നീഷ്യൻമാരെയും സംബന്ധിച്ച്, ഈ ആക്റ്റ് പ്രകാരം വച്ചുപോരുന്ന, ഇ. സി. ജി. ടെക്നീഷ്യൻമാരുടെയും ഇ. ഇ. ജി. ടെക്നീഷ്യൻമാരുടെയും ഇ. എം. ജി. ടെക്നീഷ്യൻമാരുടെയും രജിസ്റ്റർ എന്നും ;

(iv) മറ്റ് ഏതെങ്കിലും പാരാ മെഡിക്കൽ ടെക്നീഷ്യൻമാരെ സംബന്ധിച്ചിടത്തോളം ഈ ആക്റ്റ് പ്രകാരം വച്ചുപോരുന്ന, ആ വിഭാഗത്തിൽപ്പെട്ട പാരാ മെഡിക്കൽ ടെക്നീഷ്യൻമാരുടെ രജിസറ്റർ എന്നും ;

അർത്ഥമാകുന്നു ;

(ആർ) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ, സർക്കാരിന്റെ അംഗീകാരത്തോടുകൂടി, കൗൺസിൽ ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(എസ്) "സെക്രട്ടറി" എന്നാൽ ഈ ആക്റ്റിൻ കീഴിൽ നിയമിച്ചിട്ടുള്ള കൗൺസിലിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(റ്റി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;

(യു) "എക്സ്-റേ ടെക്നീഷ്യൻ" എന്നാൽ ഡയറക്ടർ ഓഫ് റേഡിയേഷൻ സേഫ്റ്റി അംഗീകരിച്ചതോ അല്ലെങ്കിൽ ബി. എ. ആർ. സി. മുംബൈ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും, എക്സ്-റേ ചിത്രങ്ങൾ എടുക്കുന്നതിൽ യോഗ്യത നേടിയിട്ടുള്ളതോ തത്തുല്യ യോഗ്യതയായി അംഗീകരിക്കപ്പെട്ട യോഗ്യത ഉള്ളതോ ആയ ഒരാൾ എന്നർത്ഥമാകുന്നു.

## അദ്ധ്യായം 1I

## പാരാ മെഡിക്കൽ കൗൺസിൽ

3. കൗൺസിലിന്റെ സ്ഥാപനവും ഏകാംഗീകരണവും രൂപവത്ക്കരണവും.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അങ്ങനെയുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി "കേരള പാരാ മെഡിക്കൽ കൗൺസിൽ" എന്ന പേരിൽ ഒരു കൗൺസിൽ സ്ഥാപിക്കാവുന്നതാണ്.

(2) കൗൺസിൽ, ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) കൗൺസിലിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും വിധേയമായി, കൗൺസിൽ താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്, അതായത് :—

(എ) പാരാ മെഡിക്കൽ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക ;

(ബി) പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കുക;

(സി) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിന് താല്ക്കാലികമായ അംഗീകാരം നല്കുക ;

(ഡി) പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്ക് ഈ ആക്റ്റിൻ കീഴിൽ നല്കിയിട്ടുള്ള അംഗീകാരം പിൻവലിക്കുക ;

(ഇ) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്ററുകൾ വച്ചു പോരുക ;

(എഫ്) 23-ാം വകുപ്പുപകാരം ആളുകളുടെ പേരുകൾ നീക്കം ചെയ്യുക ;

(ജി) രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യപ്പെട്ട പേരുകൾ 24-ാം വകുപ്പുപ്രകാരം പുനഃസ്ഥാപിക്കുക ;

(എച്ച്) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി യോഗ്യതകളെ അംഗീകരിക്കുക ;

(ഐ) റഗുലേഷനുകൾക്ക് രൂപം നല്കുക ;

(ജെ) അതിന്റെ അധികാരങ്ങൾ കാര്യനിർവ്വാഹക സമിതിക്ക് ഏല്പിച്ചുകൊടുക്കുക ;

(കെ) പാരാ മെഡിക്കൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തുക ;

(എൽ) ഈ ആക്റ്റിൻ കീഴിൽ ചുമത്തേണ്ട ഫീസ് നിശ്ചയിക്കുക ;

(എം) ഫണ്ടിന്റെ പരിപാലനം ;

(എൻ) ഈ ആക്റ്റിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായേക്കാവുന്നതും മുൻപറഞ്ഞ അധികാരങ്ങൾക്ക് ആനുഷംഗികമായിട്ടുള്ളതോ അല്ലാത്തതോ ആയ, മറ്റു പ്രവൃത്തികളും കാര്യങ്ങളും ചെയ്യുക ;

(2) അതിന്റെ പ്രവർത്തനത്തിലും പാരാ മെഡിക്കൽ വിദ്യാഭ്യാസം, പരിശീലനം, പ്രവൃത്തിപരിചയം എന്നിവയ്ക്കുള്ള സ്ഥാപനങ്ങളിലും സാങ്കേതികവും തൊഴിൽപരവും ധാർമ്മികവുമായ ഉന്നത നിലവാരം നിലനിർത്തേണ്ടത് കൗൺസിലിന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(3) ഭാരത സർക്കാരിന്റെ ശാസ്ത്ര-സാങ്കേതിക വകുപ്പിൻ കീഴിലുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലാബറട്ടറീസ് പോലെയുള്ള ദേശീയ സ്ഥാപനങ്ങളിൽ നിന്നും അധികാരപത്രം ലഭിക്കുന്നതിനായി സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട്, സ്ഥായിയായ പുരോഗതിക്കും നിലവാരം കാലാനുസൃതമാക്കുന്നതിനും വേണ്ടി കൗൺസിൽ പ്രയത്നിക്കേണ്ടതാണ്.

5. കൗൺസിലിന്റെ ഘടന—(1) കൗൺസിൽ താഴെപ്പറയുന്ന എക്സ്-ഒഫീഷ്യോ അംഗങ്ങളും പ്രൊഫഷണൽ അംഗങ്ങളും മറ്റ് അംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതാണ്, അതായത് :—

I. എക്സ്-ഒഫീഷ്യോ അംഗങ്ങൾ.—

(എ) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ ;

(സി) റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ ;

(ഡി) ഡയറക്ടർ, പബ്ലിക് ഹെൽത്ത് ലാബറട്ടറി, തിരുവനന്തപുരം ;

(ഇ) കൗൺസിലിന്റെ സെക്രട്ടറി.

II. പ്രൊഫഷണൽ അംഗങ്ങൾ.—നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ താഴെപ്പറയുന്ന അംഗങ്ങളെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്, അതായത്:—

(എ) സംസ്ഥാനത്തെ രജിസ്റ്റർ ചെയ്ത മെഡിക്കൽ ലാബറട്ടറി ടെക്നീഷ്യന്മാരിൽ നിന്നും, മെഡിക്കൽ ലാബറട്ടറി ടെക്നീഷ്യൻ കോഴ്സിൽ ബിരുദം ഉള്ള ഒരംഗം ;

(ബി) രജിസ്റ്റർ ചെയ്ത ഓഫ്താൽമിക് അസിസ്റ്റന്റുമാരിൽ നിന്നും ഒരംഗം ;

(സി) രജിസ്റ്റർ ചെയ്ത കാർഡിയോ വാസ്ക്കുലർ ടെക്നീഷ്യന്മാരിൽ നിന്നും ഒരംഗം ;

(ഡി) രജിസ്റ്റർ ചെയ്ത എക്സ-റേ ടെക്നീഷ്യന്മാരിൽ നിന്നും ഒരംഗം ;

(ഇ) രജിസ്റ്റർ ചെയ്ത ഡയാലിസിസ് ടെക്നീഷ്യന്മാരിൽ നിന്നും ഒരംഗം ;

(എഫ്) രജിസ്റ്റർ ചെയ്ത ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യന്മാരിൽ നിന്നും ഒരംഗം ;

(ജി) രജിസ്റ്റർ ചെയ്ത ആശുപത്രി അസിസ്റ്റന്റുമാരിൽ നിന്നും ഒരംഗം ;

(എച്ച്) രജിസ്റ്റർ ചെയ്ത ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമാ ഹോൾഡേഴ്സിൽ നിന്നും ഒരംഗം ;

(ഐ) യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണർമാരുടെ കേരള അസോസിയേഷനിൽ നിന്നും മൂന്ന് അംഗങ്ങൾ.

III. മറ്റ് അംഗങ്ങൾ.—പൊതുജനാരോഗ്യ രംഗത്തുള്ള സർക്കാരിതര സംഘട നകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നംഗങ്ങൾ.

6. അംഗങ്ങളുടെ യോഗ്യതകൾ.—എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള കൗൺസിലിലെ ഓരോ അംഗത്തിനും ഒരു പാരാ മെഡിക്കൽ ടെക്നീഷ്യനായി ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതും പാരാ മെഡിക്കൽ കോഴ്സിന്റെ ബന്ധപ്പെട്ട ശാഖയിൽ കുറഞ്ഞത് പത്ത് വർഷത്തെ പരിചയം ഉണ്ടായിരിക്കേണ്ടതുമാണ്.

7. അംഗങ്ങളുടെ അയോഗ്യതകൾ.—ഒരാൾ,—

(എ) പ്രായപൂർത്തിയായിട്ടില്ലാത്ത ആളാണെങ്കിലോ ;

(ബി) അവിമുക്തനിർദ്ധനനാണെങ്കിലോ ;

(സി) സ്ഥിരബുദ്ധിയില്ലാത്ത ആളായിരിക്കുകയും, അങ്ങനെയാണെന്ന് ക്ഷമ തയുള്ള ഒരു കോടതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ ;

(ഡി) തൊഴിലിൽ ദുഷ്കീർത്തിപരമായ പെരുമാറ്റത്തിന് ഏതെങ്കിലും രീതി യിൽ കൗൺസിൽ ശിക്ഷിച്ചിട്ടുള്ള ആളാണെങ്കിലോ ;

(ഇ) ഏതെങ്കിലും സർക്കാർ സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ടയാളാ ണെങ്കിലോ ;

(എഫ്) ഈ ആക്റ്റിൻ കീഴിൽ വച്ചു പോരുന്ന രജിസ്റ്ററിൽ നിന്നും പേര് നീക്കം ചെയ്യപ്പെട്ടതും വീണ്ടും ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ ആളാണെങ്കിലോ ;

(ജി) സാന്മാർഗ്ഗീക ദൂഷ്യമുൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിന് ശിക്ഷിക്കപ്പെ ട്ടിട്ടുള്ളയാളാണെങ്കിലോ ;

കൗൺസിലിന്റെ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനും അംഗമായിരിക്കുന്നതിനും യോഗ്യനായിരിക്കുന്നതല്ല.

8. അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി കൗൺസിലിന്റെ ആദ്യ യോഗം ചേർന്ന തീയതി മുതൽ മൂന്നു വർഷമോ അഥവാ സർക്കാരിന് ഇഷ്ടമുള്ളിടത്തോളമോ ആയിരിക്കും :

എന്നാൽ, കൗൺസിലിലെ പിരിഞ്ഞുപോകേണ്ട ഒരംഗം അയാളുടെ പിൻഗാമി ഔദ്യോഗിക പദവി ഏറ്റെടുക്കുന്നതുവരെ ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതാണ്.

(2) പിരിഞ്ഞുപോകുന്ന ഒരംഗത്തിന്, മറ്റ് വിധത്തിൽ യോഗ്യതയുണ്ടെങ്കിൽ, പുനർനാമനിർദ്ദേശത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

9. പ്രസിഡന്റും വൈസ്-പ്രസിഡന്റും.—(1) സർക്കാർ അംഗങ്ങളിൽ ഒരാളെ അതിന്റെ പ്രസിഡന്റായും മറ്റൊരംഗത്തെ അതിന്റെ വൈസ്-പ്രസിഡന്റായും നിയമിക്കേണ്ടതാണ്.

(2) പ്രസിഡന്റോ വൈസ്-പ്രസിഡന്റോ, അതത് സംഗതിപോലെ, തന്റെ രാജി സർക്കാർ സ്വീകരിക്കുമ്പോഴോ ഒരു അംഗമെന്ന നിലയിലുള്ള തന്റെ ഔദ്യോഗിക കാലാവധി അവസാനിക്കുമ്പോഴോ മറ്റ് വിധത്തിൽ ഒരു അംഗമല്ലാതായിത്തീരുമ്പോഴോ, തന്റെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

(3) പ്രസിഡന്റിന്റെ ഔദ്യോഗികസ്ഥാനം ഒഴിഞ്ഞ് കിടക്കുമ്പോൾ, പുതിയ പ്രസിഡന്റ് സ്ഥാനമേല്ക്കുന്നതുവരെ, വൈസ്-പ്രസിഡന്റ്, പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതാണ്.

(4) പ്രസിഡന്റിന്റെ ഔദ്യോഗികസ്ഥാനം ഒഴിഞ്ഞുകിടക്കുകയോ അദ്ദേഹം ചുമതലകൾ നിർവ്വഹിക്കാൻ പ്രാപ്തനല്ലാതായിത്തീരുകയോ ചെയ്യുകയും വൈസ്-പ്രസിഡന്റിന്റെ ഔദ്യോഗികസ്ഥാനവും ഒഴിഞ്ഞുകിടക്കുകയോ അദ്ദേഹം ചുമതലകൾ നിർവ്വഹിക്കാൻ പ്രാപ്തനല്ലാതായിത്തീരുകയോ ചെയ്യുമ്പോഴും, പുതിയ ഒരു പ്രസിഡന്റിനെയോ വൈസ്പ്രസിഡന്റിനേയോ നിയമിക്കുകയും ഔദ്യോഗിക സ്ഥാനം ഏൽക്കുകയോ അല്ലെങ്കിൽ പ്രസിഡന്റോ വൈസ്-പ്രസിഡന്റോ പ്രാപ്തനായിത്തീരുകയും ചെയ്യുന്നതുവരെ ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, പ്രസിഡന്റിന്റെ അധികാരങ്ങൾ, വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(5) പിരിഞ്ഞുപോകുന്ന ഒരു പ്രസിഡന്റോ വൈസ്പ്രസിഡന്റോ, മറ്റുവിധത്തിൽ യോഗ്യനാണെങ്കിൽ, മറ്റൊരു തവണ കൂടി പുനർനിയമനത്തിന് അർഹനായിരിക്കുന്നതാണ്.

10. ആകസ്മിക ഒഴിവുകൾ.—(1) കൗൺസിലിലെ ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നതിനുമുമ്പായി, മരണം, രാജിവയ്ക്കൽ, നീക്കം ചെയ്യൽ, പ്രാപ്തിയില്ലായ്മ എന്നിവമൂലമോ മറ്റ് വിധത്തിലോ, ആ ഔദ്യോഗികസ്ഥാനത്തുണ്ടാകുന്ന ഏതെങ്കിലും ആകസ്മിക ഒഴിവ്, ഈ ആക്റ്റിലും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ആറുമാസത്തിനുള്ളിൽ നികത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരാളും, ആരുടെ ഒഴിവിലേക്കാണോ അയാളെ നാമനിർദ്ദേശം ചെയ്തത്, ആ ആളിന്റെ ഔദ്യോഗിക കാലാവധിയുടെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

11. അംഗത്വം അവസാനിക്കൽ.—കൗൺസിലിലെ എക്സ്-ഒഫീഷ്യോ അംഗമല്ലാത്ത ഒരു അംഗത്തിന്റെ ഔദ്യോഗികസ്ഥാനം,—

(എ) അയാൾ രാജിവയ്ക്കുമ്പോഴോ ;

(ബി) കൗൺസിലിന്റെ അഭിപ്രായത്തിൽ, മതിയായ കാരണമില്ലാതെ കൗൺസിലിന്റെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ ഹാജരാകാതെയിരിക്കുകയോ ;

(സി) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനായിത്തീരുകയോ ;

(ഡി) ഏതു സംഘടനയിൽ നിന്നോ വിഭാഗത്തിൽ നിന്നോ ആണ് അയാൾ, അതത് സംഗതിപോലെ, നാമനിർദ്ദേശം ചെയ്യപ്പെട്ടത്, അതിലെ ഒരു അംഗമല്ലാതായി ത്തീരുകയോ ;

(ഇ) അയാളുടെ ഔദ്യോഗിക കാലാവധി അവസാനിക്കുകയോ ; ചെയ്യുമ്പോൾ, ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

12. അംഗത്വം രാജിവയ്ക്കൽ.—(1) എക്സ്-ഒഫീഷ്യോ അംഗമല്ലാത്ത ഏതൊരംഗ ത്തിനും, രേഖാമൂലമായ നോട്ടീസ് പ്രസിഡന്റിന് നല്കിക്കൊണ്ട്, ഏതു സമയത്തും അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതും അങ്ങനെയുള്ള രാജി പ്രസിഡന്റ് അത് സ്വീകരിക്കുന്ന തീയതിമുതൽ പ്രാബല്യത്തിൽ വരുന്നതുമാണ്.

(2) പ്രസിഡന്റിനോ വൈസ്-പ്രസിഡന്റിനോ സർക്കാരിന് രേഖാമൂലം നോട്ടീസ് നല്കിക്കൊണ്ട് തന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതും അങ്ങനെയുള്ള രാജി, സർക്കാർ അത് സ്വീകരിക്കുന്ന തീയതിമുതൽ പ്രാബല്യത്തിൽ വരുന്നതുമാണ്.

13. നടപടികളുടെ സാധുത.—കൗൺസിൽ ചെയ്ത യാതൊരു പ്രവർത്തിയും അല്ലെങ്കിൽ എടുത്ത ഏതെങ്കിലും നടപടിയും,—

(എ) കൗൺസിലിലെ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയോ ;

(ബി) അപ്രകാരമുള്ള പ്രവർത്തിയിലോ നടപടിയിലോ, സംഗതിയുടെ മേന്മയെ ബാധിക്കാത്ത, ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ—

ഉണ്ടെന്ന കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

14. കൗൺസിലിന്റെ യോഗങ്ങൾ.—(1) കൗൺസിൽ ആറുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും നിർവ്വാഹക സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതുമാണ്.

(2) കൗൺസിലിന്റെ യോഗം, കാര്യനിർവ്വഹണത്തിന്റെ നടപടിക്രമം, അപ്രകാ രമുള്ള മറ്റ് സംഗതികൾ എന്നിവ കൗൺസിൽ ഇതിലേക്കായി ഉണ്ടാക്കുന്ന റഗുലേഷനു കളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(3) പ്രസിഡന്റ് തീരുമാനിക്കുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും കൗൺസിൽ യോഗം ചേരേണ്ടതും ഓരോ യോഗവും അങ്ങനെയുള്ള സമയത്തും സ്ഥലത്തും സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതുമാണ്.

(4) കൗൺസിലിന്റെ ഓരോ യോഗത്തിലും പ്രസിഡന്റ് അദ്ധ്യക്ഷം വഹിക്കേ ണ്ടതും, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ്-പ്രസിഡന്റും, പ്രസിഡന്റിന്റെയും വൈസ്-പ്രസിഡന്റിന്റെയും അസാന്നിദ്ധ്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും , അദ്ദേഹത്തിന്റേയും അസാന്നിദ്ധ്യത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗവും അദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(5) കൗൺസിലിന്റെ ഒരു യോഗത്തിലെ എല്ലാ വിഷയങ്ങളും, യോഗത്തിൽ ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷപ്രകാരം തീരുമാനിക്കേണ്ടതാണ്.

(6) കൗൺസിൽ യോഗത്തിന്റെ ക്വോറം മൊത്തം അംഗങ്ങളുടെ മൂന്നിൽ ഒന്നായിരിക്കുന്നതാണ്.

15. കാര്യനിർവ്വാഹക സമിതി.—(1) കൗൺസിലിന്, റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യാവുന്ന രീതിയിൽ അതിന്റെ അങ്ങനെയുള്ള ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യ മായേക്കാവുന്ന ഒരു കാര്യനിർവ്വാഹക സമിതി അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും രൂപീകരിക്കാവുന്നതാണ്.

(2) പ്രസിഡന്റും വൈസ്-പ്രസിഡന്റും എക്സ്-ഒഫീഷ്യോ അംഗങ്ങളായും കൗൺസിൽ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്ന് അംഗങ്ങളും കാര്യനിർവ്വാഹക സമിതിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

(3) കാര്യനിർവ്വാഹക സമിതി, ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന ഏതെങ്കിലും റഗുലേഷനുകളാൽ അതിന് നൽകുന്നതോ അതിന്മേൽ ചുമത്തുന്നതോ ആയ കൗൺസിലിന്റെ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

16. ഫീസും ബത്തയും നല്കൽ.—കൗൺസിലിന്റെ പ്രസിഡന്റിനും വൈസ്-പ്രസിഡന്റിനും മറ്റ് അംഗങ്ങൾക്കും കൗൺസിലിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളുമായി ബന്ധപ്പെട്ട് അവർ ഹാജരായതിനുവേണ്ടി, നിർണ്ണയി ക്കപ്പെടാവുന്ന പ്രകാരമുള്ള, സിറ്റിംഗ് ഫീസും ബത്തകളും അല്ലെങ്കിൽ യാത്രാബത്തയും നൽകേണ്ടതാണ്.

17. കൗൺസിലിന്റെ സെക്രട്ടറിയും മറ്റു ഉദ്യോഗസ്ഥരും ജീവനക്കാരും.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഒരു സെക്രട്ടറിയെ നിയമിക്കാവുന്നതും അയാൾ, ഈ ആക്റ്റ് പ്രകാരം നിയമിച്ചിട്ടുള്ള കൗൺസിലിന്റെയും കമ്മിറ്റിയുടെയും സെക്രട്ടറിയായി പ്രവർത്തിക്കേണ്ടതുമാണ്.

(2) കൗൺസിലിന്റെ പൊതുവായ മേലന്വേഷണത്തിനും നിയന്ത്രണങ്ങൾക്കും വിധേയമായി, സെക്രട്ടറിക്ക് കൗൺസിലിന്റെ ദൈനംദിന കാര്യങ്ങളും കാലാകാലങ്ങളിൽ അദ്ദേഹത്തിനെ കൗൺസിൽ ഏൽപ്പിച്ചേക്കാവുന്ന അപ്രകാരമുള്ള മറ്റു ചുമതലകളും നിർവ്വഹിക്കുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

(3) സെക്രട്ടറിക്ക്, സർക്കാർ, കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമുള്ള, ശമ്പളവും ബത്തകളും കൗൺസിലിന്റെ ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

(4) സെക്രട്ടറിയുടെ നിയമനരീതിയും മറ്റ് സേവനവ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ് :

എന്നാൽ, സർക്കാരിന് കൗൺസിലിന്റെ പ്രഥമ സെക്രട്ടറിയായി, വകുപ്പ് സെക്ര ട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത, ഒരു ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(5) കൗൺസിലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഭരണ നിർവ്വഹണത്തിൽ അതിനെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്.

(6) കൗൺസിൽ നിയമിക്കുന്ന ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും നിയമനരീതി, ശമ്പളവും ബത്തകളും, അച്ചടക്കം, സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും എന്നിവ റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമായിരിക്കേണ്ടതാണ്.

18. രജിസ്റ്ററുകൾ വച്ചുപോരൽ.—(1) മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യന്മാർക്കും, സർക്കാർ അപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള അങ്ങനെയുള്ള മറ്റു പാരാമെഡിക്കൽ ടെക്നീഷ്യന്മാർക്കും വേണ്ടി പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ വച്ചുപോരേണ്ടതാണ്.

(2) രജിസ്റ്ററുകൾ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയതുമായിരിക്കേണ്ടതുമാണ്.

(3) സെക്രട്ടറി, ഈ ആക്റ്റിലേയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്കനുസൃതമായി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

(4) രജിസ്റ്ററുകൾ, 1872-ലെ ഇൻഡ്യൻ തെളിവ് ആക്റ്റ് (1872-ലെ 1-ാം കേന്ദ്ര ആക്റ്റ്) 74-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പൊതുരേഖയായി കരുതപ്പെടേണ്ടതാണ്.

19. കൗൺസിലിന്റെ പിരിച്ചുവിടൽ.—(1) കൗൺസിൽ, ഈ ആക്ട് പ്രകാരമോ അതിൻ കീഴിലോ നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയെന്നോ അധികമായി വിനിയോഗിച്ചുവെന്നോ ദുർവിനിയോഗം ചെയ്തുവെന്നോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ അതിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയെന്നോ സർക്കാരിന് എപ്പോഴെങ്കിലും തോന്നുന്നപക്ഷം, അങ്ങനെയുള്ള വീഴ്ചയോ അധികാരത്തിന്റെ അധിക വിനിയോഗമോ ദുർവിനിയോഗമോ ഗുരുതരമായ സ്വഭാവത്തോടുകൂടിയതാണെന്ന് സർക്കാർ കരുതുന്നുവെങ്കിൽ, അതിന്റെ വിശദാംശങ്ങൾ കൗൺസിലിനെ അറിയിക്കേണ്ടതും, അങ്ങനെയുള്ള വീഴ്ചയോ അധികാരത്തിന്റെ അധിക വിനിയോഗമോ ദുർവിനിയോഗമോ, സർക്കാർ ഇതിലേക്കായി നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ പരിഹരിക്കുന്നതിൽ കൗൺസിൽ പരാജയപ്പെടുകയാണെങ്കിൽ, സർക്കാരിന് കൗൺസിൽ പിരിച്ചുവിടാവുന്നതും കൗൺസിലിന്റെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങളും കർത്തവ്യങ്ങളും അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള ആളുകളെക്കൊണ്ടും അങ്ങനെയുള്ള കാലയളവിലേക്കും വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യിപ്പിക്കാവുന്നതും, അതിന്മേൽ അപ്പോൾ മുതൽ, 3-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു പുതിയ കൗൺസിൽ രൂപീകരിക്കുന്നതുവരെ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി കൗൺസിലിന്റെ ഫണ്ടുകളും സ്വത്തുകളും സർക്കാരിൽ നിക്ഷിപ്തമാകുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സർക്കാർ ഒരു കൗൺസിൽ പിരിച്ചു വിട്ടിട്ടുള്ളിടത്ത്, അപ്രകാരം പിരിച്ചുവിട്ട തീയതിമുതൽ ആറ് മാസത്തിനുള്ളിൽ, 3-ാം വകുപ്പുപ്രകാരം ഒരു പുതിയ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതും അപ്രകാരം കൗൺസിൽ രൂപീകരിക്കപ്പെടുമ്പോൾ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്വത്തുക്കളും ഫണ്ടുകളും ആ കൗൺസിലിൽ വീണ്ടും നിക്ഷിപ്തമാകുന്നതുമാണ്.

20. രജിസ്റ്റർ ചെയ്യുന്നതിനുള്ള അർഹത.—(1) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, സർക്കാർ സർവ്വീസിലുള്ള ഓരോ പാരാമെഡിക്കൽ ടെക്നീഷ്യനും ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ഒരു വർഷത്തിനകമോ സർക്കാർ നിശ്ചയിച്ചേക്കാവുന്ന പ്രകാരമുള്ള കൂടുതൽ കാലയളവിനുള്ളിലോ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ടുവർഷത്തിൽ കുറയാതെയുള്ള കാലയളവിൽ തുടർച്ചയായി പാരാമെഡിക്കൽ ടെക്നീഷ്യനായി പ്രവർത്തിച്ചു വരികയായിരുന്നുവെന്ന് തെളിയിക്കുകയും ഈ ആവശ്യത്തിലേക്കായി കൗൺസിൽ നടത്തുന്ന പരീക്ഷയിൽ വിജയിക്കുകയും ചെയ്യുന്ന എല്ലാ ആളുകൾക്കും ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) 7-ാം വകുപ്പ് (എ) മുതൽ (ജി) വരെ ഖണ്ഡങ്ങളിലുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിട്ടുള്ള യാതൊരാൾക്കും, (1) ഉം (2) ഉം ഉപവകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

21. രജിസ്റ്റർ ചെയ്യൽ.—(1) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് യോഗ്യതയുള്ള ഓരോ ആളും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ മൂന്നു മാസത്തിനുള്ളിലോ സർക്കാർ, ഗസറ്റു വിജ്ഞാപനം വഴി, നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള, ദീർഘിപ്പിച്ച സമയത്തിനുള്ളിലോ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി അപേക്ഷ നൽകേണ്ടതാണ്.

(2) 20-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുള്ള ഓരോ ആളും പ്രസ്തുത ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, രജിസ്റ്റർ ചെയ്യുന്നതിന് യോഗ്യത നേടിയ തീയതി മുതൽ മുപ്പതു ദിവസത്തിനകം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി അപേക്ഷ നൽകേണ്ടതാണ്.

(3) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള ഫീസോടുകൂടിയും ആയിരിക്കേണ്ടതാണ്.

(4) ഏതെങ്കിലും അധിക അംഗീകൃത യോഗ്യത സംബന്ധിച്ച് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി സെക്രട്ടറിക്ക് അപേക്ഷ നൽകുന്ന ഓരോ പാരാ മെഡിക്കൽ ടെക്നീഷ്യനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് നൽകേണ്ടതാണ്.

(5) രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരപേക്ഷ സെക്രട്ടറിയുടെ വിലാസത്തിൽ ആയിരിക്കേണ്ടതും, അപേക്ഷകന്റെ പേര് രജിസ്റ്ററിൽ ഉൾപ്പെടുത്തിക്കിട്ടാൻ അയാൾ യോഗ്യനാണെന്ന് സെക്രട്ടറിക്ക് ബോദ്ധ്യമാകുന്ന പക്ഷം, അദ്ദേഹം അപേക്ഷകന്റെ പേര്

അതിൽ ഉൾപ്പെടുത്തേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ, അയാൾക്ക് ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

(6) രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിരസിക്കപ്പെട്ടിട്ടുള്ള ഏതൊരാൾക്കും, അങ്ങനെ നിരസിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ, കൗൺസിലിന് ഒരു അപ്പീൽ നൽകാവുന്നതും അതിന്മേലുള്ള കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

22. രജിസ്ട്രേഷൻ പുതുക്കൽ.— (1) 20-ാം വകുപ്പ് പ്രകാരമുള്ള ഓരോ രജിസ്ട്രേഷനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് നൽകി, ഓരോ വർഷവും മാർച്ച് 31-ന് മുമ്പ് പുതുക്കേണ്ടതാണ്.

(2) നിശ്ചിത തീയതിക്ക് മുമ്പ് രജിസ്ട്രേഷൻ പുതുക്കാത്തപക്ഷം, വീഴ്ച വരുത്തിയ ആളിന്റെ പേര്, സെക്രട്ടറി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് ;

എന്നാൽ, അപ്രകാരം നീക്കം ചെയ്യപ്പെട്ട പേര്, പുതുക്കൽ ഫീസ്, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പിഴ സഹിതം അടയ്ക്കുന്ന പക്ഷം, രജിസ്റ്ററിൽ വീണ്ടും പുനഃസ്ഥാപിക്കാവുന്നതാണ്.

(3) പുതുക്കൽ ഫീസും, പിഴ, എന്തെങ്കിലുമുണ്ടെങ്കിൽ അതും നൽകുമ്പോൾ, സെക്രട്ടറി, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ആളിന് നൽകേണ്ടതും (2)-ാം ഉപവകുപ്പ് പ്രകാരം ആളിന്റെ പേര് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, അയാളുടെ പേര് വീണ്ടും രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

23. രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യൽ.—(1) ഈ വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ബന്ധപ്പെട്ട ആളിന്, പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിനു ശേഷവും അതിന് യുക്തമെന്ന് തോന്നാവുന്ന അങ്ങനെയുള്ള കൂടുതൽ അന്വേഷണങ്ങൾ നടത്തിയതിനു ശേഷവും,—

(എ) തെറ്റായോ അഥവാ പ്രസക്തമായ ഏതെങ്കിലും വസ്തുത തെറ്റിദ്ധരിപ്പിച്ചതുകൊണ്ടോ മറച്ചുവച്ചതുകൊണ്ടോ ആണ് അയാളുടെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നോ ;

(ബി) അയാൾ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നോ, കൗൺസിലിന്റെ അഭിപ്രായത്തിൽ, രജിസ്റ്ററിലെ പേരുവിവരപ്പട്ടികയിൽ ഉണ്ടായിരിക്കാൻ അയോഗ്യനാകുംവിധം ഏതെങ്കിലും തൊഴിലിൽ ദുഷ്കീർത്തികരമായ പെരുമാറ്റത്തിന് കുറ്റക്കാരനാണെന്നോ,—

കൗൺസിലിന് ബോധ്യമാകുന്നിടത്ത്, അയാളുടെ പേര് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവിൽ, രജിസ്റ്ററിൽ നിന്നും പേര് നീക്കം ചെയ്യപ്പെടാൻ ഉത്തരവായിട്ടുള്ള ഏതെങ്കിലും ആൾ, സ്ഥിരമായോ അല്ലെങ്കിൽ അതിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന അങ്ങനെയുള്ള കാലത്തേക്കോ, ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യാൻ അയോഗ്യനായിരിക്കുമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഒരാളിന്, ഉത്തരവിന്റെ തീയതി മുതൽ മുപ്പതുദിവസത്തിനകം, തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ കോടതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീലിന്മേലുള്ള ജില്ലാ കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) ഈ വകുപ്പ് പ്രകാരം രജിസ്റ്ററിൽ നിന്നും പേര് നീക്കം ചെയ്യപ്പെട്ട ഒരാൾ, ഉടൻതന്നെ അയാളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സെക്രട്ടറിക്ക് തിരികെ നൽകേണ്ടതാണ്.

24. രജിസ്ട്രേഷൻ പുനഃസ്ഥാപിക്കൽ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൗൺസിലിന്, ഏത് സമയത്തും എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ, 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരാളിന്റെ പേര്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് അടയ്ക്കുന്നതിന്മേൽ, പുനഃസ്ഥാപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

## അദ്ധ്യായം III

## പാരാമെഡിക്കൽ വിദ്യാഭ്യാസവും പരിശീലനവും സ്ഥാപനങ്ങളുടെ അംഗീകരിക്കൽ

25. സ്ഥാപനങ്ങളുടെ അംഗീകാരം.—26-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, കൗൺസിലിന്റെ അംഗീകാരം ഇല്ലാതെ, യാതൊരാളും ഒരു പാരാമെഡിക്കൽ സ്ഥാപനം സ്ഥാപിക്കുവാനോ നടത്തുവാനോ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത യോഗ്യത നേടുന്നതിനായി വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിലേക്ക് ഏതെങ്കിലും പാരാ മെഡിക്കൽ കോഴ്സ് നടത്തുവാനോ പാടുള്ളതല്ല.

(2) ഒരു പാരാമെഡിക്കൽ സ്ഥാപനത്തിന്റെ അംഗീകാരത്തിനു വേണ്ടിയുള്ള ഒരപേക്ഷ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള ഫീസോടുകൂടിയും, കൗൺസിലിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

(3) അംഗീകാരം നൽകണമോ വേണ്ടയോ എന്ന് ഉറപ്പാക്കുന്നതിന്റെ ആവശ്യത്തിലേക്കായി, കൗൺസിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതും, ഉത്തരവുമൂലം അംഗീകാരം നൽകുകയോ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതുമാണ്.

(4) ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകൾ പ്രകാരം കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ-പരിശീലന സ്ഥാപനങ്ങൾക്കു മാത്രമേ ഈ ആക്റ്റുപ്രകാരമുള്ള അംഗീകാരം നൽകുവാൻ പാടുള്ളൂ.

(5) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ പാരാമെഡിക്കൽ കോഴ്സുകൾ നടത്തിവരുന്ന എല്ലാ സ്ഥാപനങ്ങളും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ മൂന്ന് മാസത്തിനകം അംഗീകാരത്തിനായി കൗൺസിലിന് അപേക്ഷ നൽകേണ്ടതാണ്. അംഗീകാരത്തിനായി

അപേക്ഷ നൽകുന്ന സ്ഥാപനങ്ങൾ ഈ ആവശ്യത്തിലേക്കായി കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിലവാരം പുലർത്താത്തപക്ഷം, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷങ്ങൾക്കകം കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിലവാരത്തിന് അനുസൃതമായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ് എന്ന നിബന്ധനയിന്മേൽ അംഗീകാരം അനുവദിക്കാവുന്നതാണ്.

(6) (5)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിലവാരത്തിനനുസൃതമായ സൗകര്യങ്ങൾ സ്ഥാപനം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ, (3)-ാം ഉപവകുപ്പുപ്രകാരം നൽകിയ താൽക്കാലിക അംഗീകാരം ഉടൻ പിൻവലിക്കേണ്ടതാണ്.

26. അംഗീകാരം പിൻവലിക്കൽ.—ഈ ആക്റ്റ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള ഒരു സ്ഥാപനം,—

(i) അംഗീകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നോ ;

(ii) അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ നിരസിക്കപ്പെടുമായിരുന്ന ഏതെങ്കിലും കാരണം നിലനിൽക്കുന്നുവെന്നോ ;

ഈ ആവശ്യത്തിലേക്കായി കൗൺസിൽ നിയമിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോദ്ധ്യമാകുന്നിടത്ത്, കൗൺസിലിന് ഉത്തരവുമൂലം, അപ്രകാരമുള്ള അംഗീകാരം പിൻവലിക്കാവുന്നതാണ് :

എന്നാൽ, അപ്രകാരം അംഗീകാരം പിൻവലിക്കുന്നതിന് മുമ്പായി കൗൺസിൽ ആ സ്ഥാപനം നടത്തുന്ന ആളിന് തന്റെ കാര്യം പറയുന്നതിന് ഒരവസരം നൽകേണ്ടതാണ്.

(2) 25-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും പാരാമെഡിക്കൽ സ്ഥാപനത്തിന് അംഗീകാരം നിരസിച്ചുകൊണ്ടുള്ള ഉത്തരവുമൂലമോ (1)-ാം ഉപവകുപ്പ് പ്രകാരം അംഗീകാരം പിൻവലിച്ചുകൊണ്ടുള്ള കൗൺസിലിന്റെ ഉത്തരവുമൂലമോ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അതതു സംഗതിപോലെ, അങ്ങനെയുള്ള അംഗീകാരം നിഷേധിക്കുകയോ പിൻവലിക്കുകയോ ചെയ്തുകൊണ്ടുള്ള നോട്ടീസ് ലഭിച്ച തീയതിമുതൽ മൂന്ന് മാസത്തിനകം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും നിബന്ധനകൾക്ക് വിധേയമായും അങ്ങനെയുള്ള ഫീസ് നൽകിക്കൊണ്ടും സർക്കാരിന് ഒരു അപ്പീൽ സമർപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീലിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

27. യോഗ്യത അംഗീകരിക്കൽ.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും സർവ്വകലാശാലയോ, ബോർഡോ, സ്ഥാപനമോ നൽകിയിട്ടുള്ള ഏതെങ്കിലും ഡിഗ്രിയോ ഡിപ്ലോമയോ സർട്ടിഫിക്കറ്റോ ഈ ആക്റ്റിന്റെ ആവശ്യത്തിലേക്ക് അംഗീകൃത യോഗ്യതയായി, ഒരു അപേക്ഷയിന്മേലോ മറ്റു വിധത്തിലോ, കൗൺസിലിന് അംഗീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു യോഗ്യത അംഗീകരിക്കപ്പെടുന്നിടത്ത്, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം, ആയത് തത്തുല്യ യോഗ്യതയായി പ്രഖ്യാപിക്കേണ്ടതാണ്.

28. സ്ഥാപനങ്ങൾ പരിശോധിക്കൽ.—(1) കൗൺസിലിന്, ഈ ആക്റ്റിൻ കീഴിൽ അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായി, ഏതെങ്കിലും സ്ഥാപനത്തിൽ പരിശോധന നടത്തുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര എണ്ണം ഉദ്യോഗസ്ഥരെ, സ്ഥിരം സംവിധാനമായോ പ്രത്യേക ആവശ്യാടിസ്ഥാനത്തിലോ, നിയമിക്കാവുന്നതാണ്.

(2) അംഗീകൃത സ്ഥാപനങ്ങൾ ആവശ്യമായ നിലവാരം പുലർത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിലേക്ക്, അവ, കാലാകാലങ്ങളിൽ, പരിശോധിക്കുന്നതിന് കൂടി (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തേണ്ടതാണ്.

(3) സെക്രട്ടറിയോ കൗൺസിൽ അധികാരപ്പെടുത്തിയ ഏതെങ്കിലും ആളിനോ, ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ ഉത്തരവിലേയോ വ്യവസ്ഥകൾ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അന്വേഷണമോ പരിശോധനകളോ നടത്തുന്നതിലേക്കായി, ഏതെങ്കിലും അംഗീകൃതസ്ഥാപനത്തിന്റെ പരിസരങ്ങളിൽ പ്രവേശിക്കാവുന്നതാണ്.

(4) അംഗീകൃത സ്ഥാപനത്തിന്റെ മാനേജരും മറ്റ് ജീവനക്കാരും, മുകളിൽ പറഞ്ഞ ഉദ്യോഗസ്ഥർക്കും, ആളുകൾക്കും ന്യായമായ എല്ലാ സമയത്തും, അങ്ങനെയുള്ള സ്ഥാപനത്തിന്റെ പരിസരങ്ങളിൽ പ്രവേശനം നൽകുന്നതിനും ഈ വകുപ്പ് പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലേക്ക് ആവശ്യത്തിന് സഹായകരമാകുന്നത് അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് തോന്നുന്ന എല്ലാ രേഖകളും വസ്തുതകളും ലഭ്യമാക്കുന്നതിനും, ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

29. സർക്കാരിന് രജിസ്റ്ററിൽ മാറ്റം വരുത്താമെന്ന്.—സർക്കാരിന് ബന്ധപ്പെട്ട ആളിനും കൗൺസിലിനും മതിയായ നോട്ടീസ് നല്കിയശേഷവും അയാളുടെ പരാതികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിൽ അന്വേഷണം നടത്തിയ ശേഷവും രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് വ്യാജമായോ തെറ്റായോ ചേർത്തതാണെന്നോ വരുത്തിയതാണെന്നോ സർക്കാരിന് തൃപ്തികരമായി ബോദ്ധ്യപ്പെട്ടാൽ ഉത്തരവ് വഴി അത് റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

30. കൗൺസിലിന്റെ തീരുമാനത്തിന്മേൽ സർക്കാരിനുള്ള അപ്പീൽ.—ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി 21, 22, 23, 25 എന്നീ വകുപ്പുകൾ പ്രകാരം എടുക്കുന്ന കൗൺസിലിന്റെ ഓരോ തീരുമാനത്തിന്മേലും അപ്പീൽ നല്കാവുന്നതും അങ്ങനെയുള്ള അപ്പീൽ കൗൺസിലിന്റെ ഉത്തരവ് പുറപ്പെടുവിച്ച് നോട്ടീസ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായും നല്കേണ്ടതുമാണ്.

## അദ്ധ്യായം IV

## ധനകാര്യം

31. കൗൺസിലിന്റെ ഫണ്ട്.—(1) ലഭിക്കുന്ന എല്ലാ ഫീസും കൗൺസിലിൽ നിക്ഷിപ്തമായ വസ്തുവകകളിൽ നിന്നും നിക്ഷേപങ്ങളിൽ നിന്നും കിട്ടുന്ന വാടക, ലാഭം പോലുള്ള എല്ലാ വരുമാനവും സർക്കാരിൽ നിന്നും ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും വായ്പകളും, ഏതൊരു മാർഗ്ഗത്തിൽ നിന്നും ലഭിക്കുന്ന ദാനസ്വത്തുക്കളും സംഭാവനകളും കൗൺസിലിന്റെ പലവകയായിട്ടുള്ള മറ്റെല്ലാ വരവുകളും കൗൺസിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ പണമടവുകളും കൗൺസിലിന്റെ ഫണ്ട് ആയി തീരുന്നതും ആയത്, ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും റഗുലേഷനുകളിലും ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കേണ്ടതുമാണ്.

(2) കൗൺസിലിന്റെ ഫണ്ട്, കൗൺസിൽ തീരുമാനിക്കുന്ന പ്രകാരം, 1934-ലെ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ആക്റ്റിൽ (1934-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ച പ്രകാരമുള്ള ഒരു ഷെഡ്യൂൾഡ് ബാങ്കിലോ അഥവാ സർക്കാർ ട്രഷറിയിലോ നിക്ഷേപിക്കേണ്ടതാണ്.

(3) ഫണ്ടിന്റെ സൂക്ഷിപ്പും അതിലേക്ക് പണം വരവ് വയ്ക്കലും അതിൽ നിന്നും പണം പിൻവലിക്കലും മറ്റെല്ലാ അനുബന്ധ സംഗതികളും, ഇതിലേക്കായി നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള, ചട്ടങ്ങളാൽ ക്രമീകരിക്കപ്പെടേണ്ടതാണ്.

32. വാർഷിക കണക്കുകളും ആഡിറ്റും.—(1) കൗൺസിൽ, അതിന്റെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും അംഗീകരിക്കേണ്ടതും തൊട്ടടുത്ത വർഷം സെപ്തംബർ മാസം അവസാനിക്കുന്നതിന് മുൻപ് ആഡിറ്റ് ചെയ്യിക്കേണ്ടതുമാണ്.

(2) സർക്കാർ അംഗീകരിച്ചിട്ടുള്ള ഒരു പാനലിൽ നിന്നും കൗൺസിൽ നിയമിക്കുന്ന ഏതെങ്കിലും ചാർട്ടേഡ് ആഡിറ്റർ, ആഡിറ്റ് നടത്തേണ്ടതും ആഡിറ്റ് നടത്തുന്നതിനുള്ള ചെലവ് കൗൺസിൽ വഹിക്കേണ്ടതുമാണ്.

(3) ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കൗൺസിലിന്റെ കണക്ക് അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം, വർഷന്തോറും സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(4) സർക്കാർ, കൗൺസിലിന്റെ കണക്ക് (3)-ാം ഉപവകുപ്പുപ്രകാരം അവർക്ക് ലഭിച്ച, അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം, വർഷന്തോറും നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതാണ്.

## അദ്ധ്യയം V

## സാമാന്യ വ്യവസ്ഥകൾ

33. ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഒരാളും പ്രാക്ടീസ് ചെയ്യരുതെന്ന്.—(1) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരല്ലാത്ത യാതൊരാളും, ഒരു മെഡിക്കൽ ലാബറട്ടറി ടെക്നീഷ്യനായോ ഒഫ്താൽമിക് അസിസ്റ്റന്റായോ ഇ. സി. ജി. ടെക്നീഷ്യനായോ ഇ. ഇ. ജി. ടെക്നീഷ്യനായോ ഇ. എം. ജി.

ടെക്നീഷ്യനായോ കാർഡിയോ വാസ്കുലർ ടെക്നീഷ്യനായോ എക്സ്റേ ടെക്നീഷ്യനായോ അല്ലെങ്കിൽ, കാലാകാലങ്ങളിൽ, പാരാ മെഡിക്കൽ ടെക്നീഷ്യൻമാരായി സർക്കാർ പ്രഖ്യാപിക്കുന്ന പ്രകാരമുള്ള മറ്റ് ടെക്നീഷ്യൻമാരായോ പ്രാക്ടീസ് ചെയ്യുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ,—

(എ) പ്രഥമ കുറ്റത്തിന്റെ സംഗതിയിൽ, ആറുമാസം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവും ആയിരം രൂപ വരെയാകാവുന്ന പിഴയും ;

(ബി) രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ ഒരു കുറ്റത്തിന്റെ സംഗതിയിൽ, ഒരു വർഷം വരെയാകാവുന്നതും എന്നാൽ മൂന്നു മാസത്തിൽ കുറയാത്തതുമായ തടവും രണ്ടായിരം രൂപയിൽ കുറയാത്തതും എന്നാൽ അയ്യായിരം രൂപ വരെയാകാവുന്നതും ആയ പിഴയും ;

നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

34. ആശുപത്രികൾ, സ്ഥാപനങ്ങൾ മുതലായവ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഡിസ്പെൻസറി, ആശുപത്രി, ആതുരശുശ്രൂഷാലയം, പ്രസവ ആശുപത്രി, സാനറ്റോറിയം, ഓപ്പറേഷൻ തീയേറ്റർ, നഴ്സിംഗ്ഹോം, രക്തബാങ്ക്, മെഡിക്കൽ ലാബറട്ടറി എന്നിവയോ അഥവാ അതുപോലുള്ള മറ്റു സ്ഥാപനങ്ങളോ ഏതെങ്കിലും ആളിനെ, ഒരു പാരാമെഡിക്കൽ ടെക്നീഷ്യനായി ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം, ഒരു പാരാ മെഡിക്കൽ ടെക്നീഷ്യനായി നിയോഗിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ, അയ്യായിരം രൂപ വരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

35. അനധികൃതമായ ബിരുദവും മറ്റും നൽകുന്നതിന് എതിരായ നിരോധനം.—(1) ഈ അക്റ്റിലോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമല്ലാതെ, യാതൊരാളും, ഏതെങ്കിലും ഡിപ്ലോമയോ സർട്ടിഫിക്കറ്റോ മറ്റ് രേഖയോ അവ കൈവശമുള്ള ആളിനോ ലഭിച്ചയാളിനോ സ്വീകർത്താവിനോ ഒരു പാരാ മെഡിക്കൽ ടെക്നീഷ്യനായി പ്രാക്ടീസ് ചെയ്യുന്നതിന് യോഗ്യതയുണ്ടെന്ന് പറഞ്ഞുകൊണ്ടോ സൂചിപ്പിച്ചുകൊണ്ടോ, അനുവദിച്ച് നൽകുകയോ കൊടുക്കുകയോ, നല്കുകയോ അല്ലെങ്കിൽ അനുവദിച്ചുനല്കുന്നതിനോ കൊടുക്കുന്നതിനോ നല്കുന്നതിനോ തനിക്ക് അർഹതയുണ്ടെന്ന് പറഞ്ഞുകൊണ്ട് നടക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, അയ്യായിരം രൂപ വരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതും അങ്ങനെ ലംഘിക്കുന്ന ആൾ ഒരു അസോസിയേഷനാണെങ്കിൽ, അപ്രകാരം ലംഘനം നടത്തുന്നതിന് അറിഞ്ഞുകൊണ്ടോ ബോധപൂർവ്വമോ അധികാരം നൽകുകയോ അനുവദിക്കുകയോ ചെയ്യുന്ന, ആ അസോസിയേഷനിലെ ഓരോ അംഗവും, കുറ്റസ്ഥാപനത്തിന്മേൽ, മൂവായിരം രൂപ വരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതുമാണ്.

36. <u>അനധികൃതമായി പദവിനാമങ്ങൾ ഉപയോഗിക്കുന്നതിനുള്ള ശിക്ഷ.</u>—(1) യാതൊരാളും, ഒരു പാരാ മെഡിക്കൽ ടെക്നീഷ്യനായി പ്രാക്ടീസ് ചെയ്യുന്നതിനുള്ള യോഗ്യതയായി ഒരു ഡിഗ്രിയോ ഡിപ്ലോമയോ അഥവാ ലൈസൻസോ സർട്ടിഫിക്കറ്റോ അയാളുടെ കൈവശമുണ്ടെന്ന് സൂചിപ്പിക്കുന്ന ഏതെങ്കിലും പദവിനാമമോ അക്ഷരങ്ങളോ ചുരുക്കപ്പേരോ,—

(എ) അങ്ങനെയുള്ള ഡിഗ്രിയോ ഡിപ്ലോമയോ അഥവാ ലൈസൻസോ സർട്ടിഫിക്കറ്റോ, യഥാർത്ഥത്തിൽ അയാൾക്ക് ലഭിച്ചിട്ടുള്ളതും ;

(ബി) അങ്ങനെയുള്ള ഡിഗ്രിയോ ഡിപ്ലോമയോ അഥവാ ലൈസൻസോ സർട്ടിഫിക്കറ്റോ, സംസ്ഥാനത്ത് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരം അംഗീകരിച്ചിട്ടുള്ളതോ അഥവാ ഈ ആക്റ്റിൻ കീഴിൽ നിയമിച്ചിട്ടുള്ള ഒരു അധികാരസ്ഥാനം അനുവദിച്ചു നല്കിയിട്ടുള്ളതും, കൊടുത്തിട്ടുള്ളതും അഥവാ നല്കി യിട്ടുള്ളതും ;

അല്ലാത്ത പക്ഷം, അയാളുടെ പേരിനോട് കൂട്ടിച്ചേർക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാ പനത്തിന്മേൽ, പ്രഥമ കുറ്റത്തിന്റെ സംഗതിയിൽ, ആയിരം രൂപവരെയാകാവുന്ന പിഴയും രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ കുറ്റങ്ങളുടെ സംഗതിയിൽ, രണ്ടായിരം രൂപാ വരെയാകുന്ന പിഴയും നൽകി ശിക്ഷക്കപ്പെടേണ്ടതാണ്.

37. <u>പ്രവേശിക്കുന്നതിനും തിരച്ചിൽ നടത്തുന്നതിനും കുറ്റങ്ങൾക്ക് ശിക്ഷാനട പടികൾ എടുക്കുന്നതിനുമുള്ള അധികാരം.</u>—സെക്രട്ടറിയുടെയോ കൗൺസിൽ ഇതിലേ ക്കായി അധികാരപ്പെടുത്തിയ ഏതെങ്കിലും ആളിന്റെയോ അഭ്യർത്ഥന പ്രകാരം, അധികാ രിതയുള്ള, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥന്, ഈ ആക്റ്റിൻ കീഴിൽ ഏതെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെന്നോ ചെയ്യുന്നുണ്ടെന്നോ വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും സ്ഥലത്ത്, സൂര്യോദയ ത്തിനും സൂര്യാസ്തമനത്തിനും ഇടക്കുള്ള ഏതു സമയത്തും, പ്രവേശിക്കാവുന്നതും തിരച്ചിൽ നടത്താവുന്നതും ഈ ആക്റ്റ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കാൻ അദ്ദേഹത്തിന് കാരണമുള്ള പക്ഷം, അങ്ങനെയുള്ള സ്ഥലത്ത് കാണുന്ന ഏതൊരാളേയും ഉചിതമെന്ന് കരുതുന്നുവെങ്കിൽ അറസ്റ്റ് ചെയ്യാവുന്നതുമാണ് :

എന്നാൽ, അറസ്റ്റു ചെയ്യപ്പെട്ട ഓരോ ആളെയും, അയാൾ കോടതി മുൻപാകെ ഹാജരാകുന്നതിനായി മതിയായ സെക്യൂരിറ്റി നൽകുന്ന പക്ഷം പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് ജാമ്യത്തിൽ വിട്ടയയ്ക്കേണ്ടതാണ്.

38. <u>കുറ്റ വിചാരണ.</u>—(1) ഈ ആക്റ്റിൻ കീഴിലുള്ള എല്ലാ കുറ്റങ്ങളും കോഗ്നൈസബിളായിരിക്കുന്നതും ഒരു ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് വിചാരണ ചെയ്യേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൗൺസിലിന്റെയോ ഇതിലേക്കായി കൗൺസിൽ അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെയോ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ, ഒരു കോടതിയും ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് നടപടിക്കെടുക്കാൻ പാടുള്ളതല്ല.

39. കൗൺസിലിലെ അംഗങ്ങൾ, സെക്രട്ടറി, ഉദ്യോഗസ്ഥർ മുതലായവർ പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.—ഈ ആക്റ്റിൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള, കൗൺസിലിലെ ഓരോ അംഗവും സെക്രട്ടറിയും എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

40. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ നൽകിയിട്ടുള്ള ഏതെങ്കിലും അധികാരം വിനിയോഗിച്ച്, സർക്കാരോ കൗൺസിലോ കാര്യനിർവ്വാഹക സമിതിയോ സെക്രട്ടറിയോ ചെയ്തിട്ടുള്ള യാതൊരു പ്രവൃത്തിയും എടുത്തിട്ടുള്ള യാതൊരു നടപടിയും, ഏതെങ്കിലും സിവിൽ കോടതിയിൽ ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

41. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.—ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം, ഉത്തമവിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ ചെയ്യുവാനുദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച്, സർക്കാരിനോ കൗൺസിലിനോ അതിലെ അംഗങ്ങൾക്കോ ഉദ്യോഗസ്ഥർക്കോ മറ്റേതെങ്കിലും ആളുകൾക്കോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നിലനില്ക്കുന്നതല്ല.

42. കുറ്റങ്ങൾ രാജിയാക്കൽ.—ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം, കോടതി അതു നടപടിക്ക് എടുക്കുന്നതിന് മുൻപ്, അങ്ങനെയുള്ള കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏറ്റവും കുറഞ്ഞ പിഴയിൽ കുറയാത്ത ഒരു തുക, കുറ്റം രാജിയാക്കുന്നതിലേക്ക് നല്കുന്നതിന്മേൽ, കൗൺസിലിനോ സെക്രട്ടറിക്കോ രാജിയാക്കാവുന്നതാണ് :

എന്നാൽ അത്തരം രാജിയാക്കൽ രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ കുറ്റത്തിന് അനുവദിക്കാൻ പാടുള്ളതല്ല.

43. സത്യപ്രതിജ്ഞയിന്മേൽ തെളിവ് എടുക്കുന്നതിനും മറ്റുമുള്ള അധികാരം.—ഈ ആക്റ്റ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന കൗൺസിലിനോ സെക്രട്ടറിക്കോ ഏതെങ്കിലും ഉദ്യോഗസ്ഥനോ, അപ്രകാരം പ്രവർത്തിക്കുന്നതിന്റെ ആവശ്യങ്ങൾക്കായി, ഒരു കേസ് വിചാരണ നടത്തുമ്പോൾ 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഒരു സിവിൽകോടതിക്കുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതെങ്കിലും ആളിന്റെ ഹാജർ ഉറപ്പുവരുത്തുകയും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക ;

(ബി) രേഖകൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനായി കമ്മീഷനുകളെ നിയോഗിക്കുക ;

(ഇ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു സംഗതികൾ.

44. സർക്കാരിന്റെ നിർദ്ദേശങ്ങൾ.—(1) സർക്കാരിന്, കൗൺസിലുമായി കൂടിയാലോചിച്ചശേഷം, കൗൺസിൽ പാലിക്കേണ്ട പൊതുനിർദ്ദേശങ്ങൾ, പുറപ്പെടുവിക്കാവുന്നതാണ്.

(2) കൗൺസിൽ, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമ്പോൾ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ, (1)-ാം ഉപ വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും പൊതുനിർദ്ദേശങ്ങളിൽനിന്ന് വ്യതിചലിക്കാൻ പാടുള്ളതല്ല.

45. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അവർ കരുതുന്ന, അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത, ഏതുകാര്യവും ഉത്തരവുമൂലം, ചെയ്യാവുന്നതാണ്.

(2) ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ടുവർഷക്കാലം കഴിഞ്ഞതിനുശേഷം, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

46. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നടപ്പാക്കുന്നതിലേക്കായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ, ഇതിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കുഭംഗം വരാതെയും, സർക്കാരിന്,—

(i) 16-ാം വകുപ്പനുസരിച്ച് കൗൺസിലിന്റെ പ്രസിഡന്റിനും വൈസ്-പ്രസിഡന്റിനും മറ്റംഗങ്ങൾക്കും നല്കേണ്ട ഫീസും മറ്റ് ബത്തകളും സംബന്ധിച്ചും ;

(ii) 17-ാം വകുപ്പനുസരിച്ച് സെക്രട്ടറിയുടെ നിയമന രീതി, യോഗ്യതകൾ, ശമ്പളവും ബത്തയും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ചും ;

(iii) 18-ാം വകുപ്പ് പ്രകാരമുള്ള രജിസ്റ്ററുകളുടെ ഫാറവും അതിൽ ചേർക്കേണ്ടതായ വിവരങ്ങളും സംബന്ധിച്ചും ;

(iv) 21-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷകളുടെ ഫാറങ്ങളും നല്കേണ്ടതായ ഫീസും സംബന്ധിച്ചും ;

(v) 21-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം നല്കേണ്ടതായ സർട്ടിഫിക്കറ്റിന്റെ ഫാറവും അതിലടങ്ങിയിരിക്കേണ്ട വിവരങ്ങളും സംബന്ധിച്ചും ;

(vi) 22-ാം വകുപ്പ് പ്രകാരം നല്കേണ്ട പുതുക്കൽ ഫീസും പിഴയും സംബന്ധിച്ചും ;

(vii) 24-ാം വകുപ്പ് പ്രകാരം ചുമത്തേണ്ട ഫീസ് സംബന്ധിച്ചും ;

(viii) 25-ാം വകുപ്പ് പ്രകാരമുള്ള ഫാറവും ഫീസും സംബന്ധിച്ചും ;

(ix) 31-ാം വകുപ്പ് പ്രകാരം കൗൺസിലിന്റെ ഫണ്ടിന്റെ സൂക്ഷിപ്പും അനുബന്ധ കാര്യങ്ങൾ സംബന്ധിച്ചും ;

(x) 43-ാം വകുപ്പ് (ഇ) ഖണ്ഡത്തിൻ പ്രകാരം മറ്റേതെങ്കിലും സംഗതികൾ നിർണ്ണയിക്കുന്നതിനും ;

(xi) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റേതൊരു സംഗതി സംബന്ധിച്ചും ;

വ്യവസ്ഥ ചെയ്തുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു ; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ഈ ആക്റ്റ് പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

47. റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—കൗൺസിലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഈ ആക്റ്റിനോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്ത, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾ സംബന്ധിച്ച്, റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്, അതായത് :—

(i) കൗൺസിൽ അതിന്റെ യോഗം കൂടേണ്ട സമയവും സ്ഥലവും അങ്ങനെയുള്ളയോഗം ഏത് രീതിയിൽ വിളിച്ചുകൂട്ടണമെന്നും നടത്തണമെന്നും ;

(ii) നടത്തേണ്ട കോഴ്സുകളും പഠനക്കാലാവധിയും പ്രായോഗിക പരിശീലനവും പരീക്ഷയ്ക്കുള്ള വിഷയങ്ങളും അംഗീകൃത യോഗ്യതകളുടെ നിലവാരവും ;

(iii) അങ്ങനെയുള്ള പരിശീലനത്തിന്റെ ആവശ്യത്തിലേക്ക്, ഏതെങ്കിലും സ്ഥാപനത്തിന് അംഗീകാരം നല്കുന്നതിനും, പരീക്ഷകളിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഡിഗ്രി, ഡിപ്ളോമ മുതലായവ നല്കുന്നതിനും ;

(iv) ഈ കോഴ്സുകളിലേക്ക് പ്രവേശനം നല്കുന്നതിന് പാലിക്കേണ്ട കുറഞ്ഞ മാനദണ്ഡവും അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിന് പാലിക്കേണ്ട നടപടിക്രമവും ;

(v) സ്ഥാപനത്തിലെ അദ്ധ്യയനത്തിനുവേണ്ടതായ ജീവനക്കാരുടെയും ഉപകരണങ്ങളുടെയും സ്ഥലസൗകര്യത്തിന്റെയും പരിശീലനത്തിന്റെയും മറ്റു സൗകര്യങ്ങളുടെയും നിലവാരം ;

(vi) തൊഴിൽപരമായ പരീക്ഷകളുടെ നടത്തിപ്പും പരീക്ഷകരുടെ യോഗ്യതകളും അങ്ങനെയുള്ള പരീക്ഷകളിലേക്ക് പ്രവേശനം നല്കുന്നതിനുള്ള നിബന്ധനകളും ;

(vii) പാരാമെഡിക്കൽ ടെക്നീഷ്യന്മാർ പാലിക്കേണ്ട തൊഴിൽപരമായ പെരുമാറ്റ മര്യാദയുടെയും സദാചാര സംഹിതയുടെയും നിലവാരം ;

(viii) യോഗ്യതകൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമവും നിബന്ധനകളും.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ എല്ലാ റഗുലേഷനുകളും ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(3) കൗൺസിലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഏത് സമയത്തും, ഗസറ്റ് വിജ്ഞാപനം വഴി, അങ്ങനെയുള്ള ഏതെങ്കിലും റഗുലേഷൻ രൂപഭേദപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻമാർ, ഇ.സി.ജി. ടെക്നീഷ്യൻമാർ, ഇ.ഇ.ജി. ടെക്നീഷ്യൻമാർ, ഇ. എം. ജി. ടെക്നീഷ്യൻമാർ, ഒഫ്താൽമിക് അസിസ്റ്റന്റ്മാർ എക്സറേ ടെക്നീഷ്യൻമാർ തുടങ്ങിയവരെ പോലെയുള്ള അനുബന്ധ ആരോഗ്യ തൊഴിൽ വിദഗ്ദ്ധരുടെ സഹായമില്ലാതെ ആധുനിക ആരോഗ്യ പരിചരണം നിർവഹിക്കാൻ സാധ്യമല്ല. അതുകൊണ്ട് ആരോഗ്യ പരിപാലന സംവിധാനത്തിൽ പാരാമെഡിക്കൽ ടെക്നീഷ്യൻമാരുടെ സേവനത്തിന് ഒരു നിർണ്ണായകപങ്കുണ്ട്. ആശുപത്രി സേവന രംഗത്തെ ഒരു പ്രധാന കണ്ണിയാണ് അവരെങ്കിലും സംസ്ഥാനത്തെ വിവിധ ഏജൻസികൾ നടത്തുന്ന വിവിധ പാരാ മെഡിക്കൽ കോഴ്സുകൾ നിയന്ത്രിക്കുന്ന തിനുള്ള നിയമമോ മറ്റു സംവിധാനങ്ങളോ ഇവിടെ ഇല്ല. അതുകൂടാതെ സ്വകാര്യ മേഖലയിലുള്ള രോഗനിർണ്ണയ സഹായകമായ സേവനങ്ങളുടെയും ലബോറട്ടറികളുടെയും മേൽ സംസ്ഥാനത്തിന് യാതൊരു നിയന്ത്രണവും ഇല്ലാത്തതുമാകുന്നു. ഇത്തരം പാരാമെഡിക്കൽ ടെക്നീഷ്യൻമാരുടെ പ്രവർത്തനരീതിക്ക് ഏകീകൃത നിലവാരം രൂപപ്പെടുത്തുന്നതിന്, ഒരു നിശ്ചിത നിലവാരത്തിൽ കുറയാത്ത വിദ്യാഭ്യാസ യോഗ്യത കൈവരിച്ചിട്ടുള്ളവർ മാത്രമെ ഇത്തരം വിദഗ്ദ്ധ തൊഴിലുകൾ കൈകാര്യം ചെയ്യുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് പാരാമെഡിക്കൽ ടെക്നീഷ്യൻമാരുടെ ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നതിനും പഠന കോഴ്സുകൾക്കും പരീക്ഷകൾക്കും അംഗീകാരം നൽകുന്നതിനും അങ്ങനെയുള്ള കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും സംസ്ഥാനത്തെ യോഗ്യരായ പാരാമെഡിക്കൽ ടെക്നീഷ്യൻമാരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിനുംവേണ്ടി ഒരു പാരാ മെഡിക്കൽ ടെക്നീഷ്യൻസ് കൗൺസിൽ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

സംസ്ഥാനത്ത് ഒരു പാരാമെഡിക്കൽ ടെക്നീഷ്യൻസ് കൗൺസിൽ രൂപീകരിക്കുക എന്നതാണ് ഈ നിയമനിർമ്മാണത്തിന്റെ പ്രധാന ഉദ്ദേശ്യം. കൗൺസിലിന്റെ ഭരണനിർവ്വഹണത്തിനായി കൗൺസിലിന് ഒരു സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ഉണ്ടായിരിക്കുമെന്ന് ബില്ലിലെ 17-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. കൗൺസിലിന്റെ ശരിയായ പ്രവർത്തനത്തിനുള്ള ചെലവും അതിന്റെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനുള്ള ചെലവ്, കൗൺസിലിന് ഫീസ്, വാടക മുതലായവയിൽ നിന്നും ലഭിക്കുന്ന കൗൺസിലിന്റെ വരുമാനത്തിൽ നിന്നും വഹിക്കേണ്ടതാണ്. പാരാമെഡിക്കൽ കൗൺസിൽ ഒരു പ്രത്യേകം ഫണ്ട് കൈകാര്യം ചെയ്യുന്നതിനാൽ അങ്ങനെയുള്ള ചെലവുകൾ മുകളിൽ സൂചിപ്പിച്ച ഫണ്ടിൽ നിന്നും വഹിക്കാൻ കഴിയുന്നതാണ്. കൗൺസിലിന് മതിയായ പണം ഉള്ളതുകൊണ്ട് ഇത് സംബന്ധിച്ച് സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) പ്രൊഫഷണൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 5-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(2) കൗൺസിൽ യോഗം ചേരുന്നതിനുള്ള സമയവും സ്ഥലവും നിശ്ചയിക്കുന്നതിനായി കൗൺസിൽ റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(3) കൗൺസിലിന്റെ യോഗവുമായി ബന്ധപ്പെട്ട്, കൗൺസിൽ അംഗങ്ങൾക്ക് നൽകേണ്ട സിറ്റിംഗ് ഫീസും മറ്റു ബത്തകളും നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 16-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(4) സെക്രട്ടറിയുടെ സേവനവ്യവസ്ഥകൾക്കുള്ള ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 17-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. കൗൺസിലിന്റെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമനരീതി, ശമ്പളം, ബത്ത, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 17-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(5) രജിസ്റ്ററിന്റെ ഫാറവും രജിസ്റ്ററിൽ ചേർക്കേണ്ട വിശദാംശങ്ങളും നിർണ്ണയിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 18-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(6) സർട്ടിഫിക്കറ്റുകളുടെ മാതൃക, അപേക്ഷ, ഒടുക്കേണ്ട ഫീസ് എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 21-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(7) രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസും പിഴയും നിർണ്ണയിക്കുവാനും സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുള്ള രീതി നിർണ്ണയിക്കുവാനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 22-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(8) രജിസ്ട്രേഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള ഫീസ് നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 24-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(9) അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 26-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(10) ഫണ്ട് സൂക്ഷിപ്പും ആനുഷാംഗികമായ മറ്റ് സംഗതികളും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 31-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(11) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 45-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(12) ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി, മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 46-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

(13) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, റഗുലേഷനുകൾ ഉണ്ടാക്കുവാനും അങ്ങനെയുള്ള റഗുലേഷനുകൾ മാറ്റം വരുത്തുകയോ, ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുവാനും കൗൺസിലിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 47-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

നിർണ്ണയിക്കപ്പെടേണ്ട സംഗതികൾ അഥവാ പുറപ്പെടുവിക്കേണ്ട ഉത്തരവുകൾ അല്ലെങ്കിൽ വിജ്ഞാപനങ്ങൾ എന്നിവ നടപടിക്രമവും വിശദാംശങ്ങളും സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വാഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ അവ പുറപ്പെടുവിച്ചതിനുശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. കെ. ശ്രീമതി ടീച്ചർ